<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3785</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>തിരുവനന്തപുരം ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കളിസ്ഥലം നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലെന്നും വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 12 കളിസ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ട്. ഇതിൽ ചുവടെ ചേർത്തിട്ടുള്ള 6 കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് കായികയുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതി നൽകിയിട്ടുണ്ട്. |

| ക്രമനം | പ്രവൃത്തി | നിയമസഭാ മണ്ഡലം |
|---|---|---|
| 1 | താന്നിയം സ്റ്റേഡിയം, കല്ലറ ഗ്രാമപഞ്ചായത്ത് | വാമനപുരം |
| 2 | സത്യൻ നഗർ സ്റ്റേഡിയം | നേമം |
| 3 | മുദ്ദാക്കൽ ഗ്രാമപഞ്ചായത്ത് കോളൂർ സ്റ്റേഡിയം | ചിറയിൻകീ |
| 4 | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് കുവളശ്ശേരി സ്റ്റേഡിയം | കാട്ടാക്കട |
| 5 | ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | വർക്കല |
| 6 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | പാറശ്ശാല |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ബി) | **കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.**<br><br>**<u>കല്ലറ ഗ്രാമ പഞ്ചായത്ത് താന്നിയം സ്റ്റേഡിയം</u>**<br><br>**04.01.2024 ന് ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 09.02.2024 ന് സാങ്കേതികാനുമതി നൽകുകയും തുടർന്ന് 15.02.2024 ന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് 14.03.2024 ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **നേമം സത്യൻ നഗർ സ്റ്റേഡിയം**<br><br>**ടി പ്രവൃത്തിയ്ക്കായി 2 തവണ ടെൻഡർ ചെയ്തു. എന്നാൽ കരാറുകാർ പങ്കെടുത്തില്ല. വീണ്ടും ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു**<br><br>**മുദ്ദാക്കൽ ഗ്രാമപഞ്ചായത്ത് കോളൂർ സ്റ്റേഡിയം**<br><br>**പ്രസ്തുത പ്രവൃത്തിയ്ക്ക് ടെൻഡർ ലഭ്യമായിട്ടുണ്ട്. 17.05.2024-ന് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും കരാറുകാരന് 24.06.2024-ന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്.**<br><br>**മാറനല്ലൂർ ഗ്രാമപഞ്ചായത്ത് കുവളശ്ശേരി സ്റ്റേഡിയം**<br><br>**ടി പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഇതിൽ കരാറുകാർ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ ടി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതാണ്.**<br><br>**ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**<br><br>**ടി പ്രവൃത്തിക്കായി 3 തവണ ടെണ്ടർ ചെയ്തു. എന്നാൽ കരാറുകാർ പങ്കെടുത്തിരുന്നില്ല. വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ